

# ഡയബെറ്റിക് ന്യൂറോപ്പതി എന്തെന്ന് അറിയുക

പ്രമേഹമുള്ള ആളുകളിൽ ഉണ്ടാകാവുന്ന ഒരു ഞരമ്പു ക്ഷതമാണ് ഡയബെറ്റിക് ന്യൂറോപ്പതി. കാലാന്തരത്തിൽ, രക്തത്തിൽ ഉയർന്ന പഞ്ചസാര, രക്തത്തിൽ ഉയർന്ന അളവിൽ കൊഴുപ്പുകൾ എന്നിവ കാരണം ഡയബെറ്റിക് ന്യൂറോപ്പതി ഉണ്ടാകാം.

**ഡയബെറ്റിക് ന്യൂറോപ്പതി ഉണ്ടാകാനുള്ള ആപൽസാധ്യത ഇവയാൽ വർധിക്കുന്നു**

- കൊറോണറി ഹാർട്ട് ഡിസീസ്
- മദ്യം അല്ലെങ്കിൽ മദ്യം കലർന്ന പാനീയങ്ങളുടെ ഉപഭോഗം
- കൂടെക്കൂടെയുള്ള പുകവലി
- അമിതഭാരം
- ഉയർന്ന രക്ത സമ്മർദവും ഉയർന്ന കൊളസ്ട്രോളും
- അഡ്വാൻസ്ഡ് കിഡ്നി ഡിസീസ്

## ഡയബെറ്റിക് ന്യൂറോപ്പതിയുമായി ബന്ധപ്പെട്ട ലക്ഷണങ്ങൾ

ഡയബെറ്റിക് ന്യൂറോപ്പതിയിൽ ലക്ഷണങ്ങൾ സാധാരണയായി സ്പർശം, വേദന, താപനില, അതുപോലെ മറ്റു അനുഭൂതികളുമായി ബന്ധപ്പെട്ടിരിക്കുന്നു.

- മരവിപ്പ് പ്രത്യേകിച്ച് കാൽപാദങ്ങളിലും കാൽവിരലുകളിലും
- തരിപ്പ് അല്ലെങ്കിൽ നീറ്റൽ തോന്നുന്നു
- കൂർത്ത, തുളക്കുന്ന വേദന പ്രത്യേകിച്ച് രാത്രിയിൽ അത് വഷളാകാം
- നിതംബം, ഇടുപ്പ് അല്ലെങ്കിൽ തുടകളിൽ വേദന
- ദുർബലമാകുന്ന, ചുരുങ്ങുന്ന തുടയിലെ പേശികൾ
- ഇരിക്കുന്നിടത്തുനിന്ന് എണീക്കാൻ ബുദ്ധിമുട്ട്
- വ്രണങ്ങൾ, അണുബാധകൾ തുടങ്ങിയ പാദ പ്രശ്നങ്ങൾ, കാൽപാദ ആകൃതിയിൽ മാറ്റം, അസ്ഥിക്കും സന്ധിയിലും ക്ഷതം
- താപനിലയിലെ മാറ്റങ്ങൾ തോന്നുവാനുള്ള ശേഷി ഇല്ലായ്മ
- സന്തുലനം നഷ്ടപ്പെടൽ, വീഴ്ചക്കുള്ള സാധ്യതയും തെന്നിയുള്ള നടത്തവും വർധിക്കുന്നു

രക്തത്തിലെ കൊഴുപ്പ് അളവുകൾ (കൊളസ്ട്രോൾ), രക്ത സമ്മർദ്ദം എന്നിവക്കൊപ്പം രക്തത്തിലെ പഞ്ചസാര അളവുകളെ നിങ്ങളുടെ ലക്ഷ്യ പരിധിയിൽ നിർത്തുന്നത് ന്യൂറോപ്പതിയുടെ ലക്ഷണങ്ങളെ മെച്ചപ്പെടുത്തുവാൻ സഹായിക്കും കൂടാതെ ഞരമ്പു ക്ഷതം കുറയ്ക്കുകയും ചെയ്യും.

### ഡയബെറ്റിക് ന്യൂറോപ്പതി എന്തുകൊണ്ട് ഇത്ര വേദനാപൂർണം?

നമുക്ക് എന്ത് തോന്നുന്നു എന്നതിനെ കുറിച്ച് തലച്ചോറിലേക്കും തിരിച്ചുമുള്ള രാസ സന്ദേശങ്ങളാണ് ഞരമ്പുകൾ വഹിക്കുന്നത്. ഡയബെറ്റിക് ന്യൂറോപ്പതിയിൽ, ഞരമ്പു സന്ദേശങ്ങൾ തകരാറിലാകുന്നത് മരവിപ്പ്, തരിപ്പ്, നീറ്റൽ, അസ്വസ്ഥത എന്നിവയിലേക്ക് നയിക്കുന്നു. ചിലർ ഇതിനെ അവശത ഉണ്ടാക്കുന്ന വേദനയായി കണക്കാക്കാം എന്നത് സാമാന്യ ക്ഷേമത്തെ ബാധിക്കാം എന്ന് അറിവായിരിക്കുന്നു.

### ഡയബെറ്റിക് ന്യൂറോപ്പതിയുമായി ബന്ധപ്പെട്ടുള്ള വേദനയുടെ ചികിത്സക്കായി ഒരു പെയിൻ ഫിസിഷ്യൻ സ്പെഷ്യലൈസ്ഡ് സൊല്യൂഷൻസ് നൽകി സഹായിക്കാം.

ഒരു പെയിൻ ഫിസിഷ്യൻ മരുന്നുകളും മിനിമലി ഇൻവേസിവ് പെയിൻ ആന്റ് സ്പൈൻ ഇന്റർവെൻഷനും (MIPSI) ഉൾപ്പെടെ നിർദിഷ്ട ചികിത്സാ പദ്ധതികൾ വികസിപ്പിച്ചെടുത്ത് ഒരു സ്പെഷ്യലൈസ്ഡ് സൊല്യൂഷൻ നൽകും.



**വേദന മരുന്നുകൾ/ അനാൾജെസിക്സ്/ ആന്റി-ന്യൂറോപതിക് മരുന്നുകൾ**

- വേദന കുറയ്ക്കുന്നു



**മിനിമൽ ഇൻവേസിവ് പെയിൻ ആന്റ് സ്പൈൻ ഇന്റർവെൻഷൻ (MIPSI)**

- എപിഡ്യൂറൽ സ്റ്റെറോയിഡ് ഇഞ്ചക്ഷൻസ്
- പെരിഫെറൽ നെർവ് മൊഡ്യുലേഷൻ
- സ്പൈനൽ കോർഡ് സ്റ്റിമുലേഷൻ



Issued in Public Interest by

Program sponsored by
Mylan Pharmaceuticals Pvt. Ltd.
A Viatris Company

VIATRIS™